## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.767** **30.01.2019 -ലെ മറുപടിക്ക്**

**ഭവന രഹിതരുടെ വിവരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായങ്ങളിലെ ഭൂരഹിതരുടെയും ഭവന രഹിതരുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്:-** പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരുടെ വിവരം 2009-ൽ നടത്തിയ സർവ്വെ പ്രകാരം 43282 ആയിരുന്നു. സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം നിലവിൽ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം കൈവശഭൂമിയുള്ള 15176 കുടുംബങ്ങൾ ഭവനരഹിതരായി ഉണ്ട്. 2009 ലെ സർവ്വെ പ്രകാരം ജില്ല തിരിച്ചുള്ള ഭൂരഹിത/ഭവന രഹിതരുടെ എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്:-** പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭൂരഹിതരുടെയും ഭവനരഹിതരുടെയും ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.<br>**പിന്നോക്ക വിഭാഗ വികസന വകുപ്പ്** ഭൂരഹിത-ഭവനരഹിത ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഭാഗക്കാർക്ക് ഭൂമിയും വീട്ടും ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇവ നൽകാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ ? | (ബി) | **പട്ടികജാതി വികസന വകുപ്പ്** :- ഭൂരഹിത പുനരധിവാസ പദ്ധതിയിൻ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018 ഡിസംബർ 31 വരെ 12164 പേർക്കു ഭൂമി നൽകി. ഭവനരഹിത പദ്ധതിയിൻ പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും നിർമ്മിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്. |

2018-19 വർഷം ലൈഫ് മിഷൻ മുഖേന 6130 വീട്ടുകൾ അനുവദിച്ചിട്ടുള്ളതിനാൽ വകുപ്പിൽ നിന്നു പ്രത്യേകമായി അനുവദിച്ചു നൽകിയിട്ടില്ല. 2018-19 വർഷം പ്രളയത്തിൽ തകർന്ന 243 വീട്ടുകൾ പുനർനിർമ്മിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

2016-17 സാമ്പത്തിക വർഷം 6709 വീട്ടുകൾ അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ 6025 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്ടുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 283 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

| **വർഷം** | **ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം** |
|---|---|
| 2016-17 | 163 |
| 2017-18 | 94 |
| 2018-19 | 26 |
| **ആകെ** | **283** |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**നിയമസഭാ ചോദ്യം 767-ലെ ക്രമ നമ്പർ: എ യുടെ അനുബന്ധം**

**ഭൂമി / ഭവന രഹിതരുടെ എണ്ണം**

| ക്രമ നമ്പർ | ജില്ല | ഭൂ രഹിതരുടെ എണ്ണം (as on 2009) | ഭവന രഹിതരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 8576 | 3376 |
| 2 | കൊല്ലം | 2376 | 3115 |
| 3 | പത്തനംതിട്ട | 5106 | 823 |
| 4 | ആലപ്പുഴ | 825 | 1533 |
| 5 | കോട്ടയം | 1907 | 826 |
| 6 | ഇടുക്കി | 2931 | 3145 |
| 7 | എറണാകുളം | 1734 | 1395 |
| 8 | തൃശ്ശൂർ | 5133 | 2154 |
| 9 | പാലക്കാട് | 4905 | 2464 |
| 10 | മലപ്പുറം | 6360 | 1494 |
| 11 | കോഴിക്കോട് | 1478 | 1181 |
| 12 | വയനാട് | 250 | 574 |
| 13 | കണ്ണൂർ | 1110 | 191 |
| 14 | കാസർഗോഡ് | 591 | 377 |
| | **ആകെ** | **43282** | **22648** |

അനുബന്ധം- II

## ഭൂമി/ഭവന രഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം (31.12.2018) | ഭവന രഹിതരുടെ എണ്ണം (31.12.2018) |
|---|---|---|---|
| 1 | തിരുവനന്തപുരം | 27 | 320 |
| 2 | കൊല്ലം | 37 | 168 |
| 3 | പത്തനംതിട്ട | 181 | 233 |
| 4 | ആലപ്പുഴ | 289 | 380 |
| 5 | കോട്ടയം | 124 | 289 |
| 6 | ഇടുക്കി | 117 | 1401 |
| 7 | എറണാകുളം | 227 | 713 |
| 8 | തൃശ്ശൂർ | 48 | 71 |
| 9 | പാലക്കാട് | 679 | 704 |
| 10 | കോഴിക്കോട് | 117 | 251 |
| 11 | മലപ്പുറം | 598 | 1123 |
| 12 | വയനാട് | 8263 | 8666 |
| 13 | കണ്ണൂർ | 264 | 1241 |
| 14 | കാസർഗോഡ് | 503 | 5057 |
| **ആകെ** | | **11474** | **20617** |